Apply Soon!

**Malayalam Lessons!**

*Details on Page 4*

# കൈരളി

***Quarterly Newsletter of Kerala Association of Syracuse, New York***

*June, 2003*

**Joseph Kappil**
President

**James Tharakan**
Vice President

**Rajan Puthuparambil**
Secretary

**Thara Alex**
Joint Secretary

**John Panayil**
Treasurer

**Mathew Adukalil**
Auditor

## Message from the President

Dear friends,

Thanks for being very supportive of the many community programs Kerala Association has been organizing in Central NY. The ice skating program originally planned for kids was later joined by the enthusiastic parents as well and was a great success. We thank especially those who traveled far away from Binghamton and Auburn. Also thanking Mrs. Marykutty Adukalil for the several professional Cake Decorating sessions organized.

In the coming months we are planning other programs including language teaching (teaching Malayalam) during the summer vacation. Please participate and bring your children for our cultural programs. Also let us know what you want us to do better to build our Kerala community in Central New York. Please mark your calendar for our Picnic, Onam and other coming events.
We wish you a successful school year end for our children and enjoyable summer.
For Kerala Association,

Joseph Kappil, President
joekappil@nrinews.org 315-622-1039

*ഇപ്പോൾ കാനഡയിൽ താമസമാക്കിയിട്ടുള്ള കഥാകാരി മാതൃഭൂമി ആഴ്ചപ്പതിപ്പ് അടക്കമുള്ള ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിക്കാറുണ്ട്. ചെറുകഥയ്ക്കുള്ള തകഴി അവാർഡും നേടിയിട്ടുണ്ട്. പ്രവാസം കെടുത്താത്ത തിരികളിലൊന്നിനെ വായനക്കാർക്ക് സസന്തോഷം പരിചയപ്പെടുത്തുന്നു.*

## നാളെ, നാളത്തെ യാത്ര

***നിർമ്മല***

തിരക്ക്.... തിരക്ക്.... വല്ലാത്ത തിരക്ക്.
ഉണ്ണാനും ഉറങ്ങാനും നേരം തികയാത്തത്ര തിരക്ക്.
തിരക്കിൻെറയൊടുക്കം വാർദ്ധക്യം.
പിന്നെ സമയം ആവശ്യത്തിലേറെ. വിശപ്പിനും ഉറക്കത്തിനും പിണക്കം.
പരാതികൾക്ക് നിറം മാറുന്നു.
-നടക്കുമ്പോൾ കിതക്കുന്നു.
-എഴുന്നേൽക്കാൻ ബുദ്ധിമുട്ട്.
-മുട്ടിനും തോളിനും വേദന.
ഓർമ്മകളേക്കാളേറെ ഓർമ്മക്കേടുകളാവുന്ന കാലം. വായിച്ചുകൊണ്ടിരുന്ന പുസ്തകം, ടവ്വൽ, കത്രിക ഒക്കെ തിരഞ്ഞു തിരഞ്ഞങ്ങനെ തീർന്നു പോകുന്ന ദിവസങ്ങൾ.

നാളെയാണ് ഈ വീടിൻെറ പടിയിറങ്ങിപ്പോകേണ്ടത്. ആദ്യമായി ഈ പടി കയറി വന്നത് മുപ്പതു വർഷം മുൻപായിരുന്നു. അടുത്തപടി നിത്യഹരിതകളായ വ്രുക്ഷങ്ങൾ നിഴൽ വിരിച്ച എവർഗ്രീൻ സീനിയേഴ്സ് ഹോമിലേക്ക്. അവിടെ നിന്നും ഒരേയൊരു യാത്രയേ ഉള്ളൂ. നിത്യമായ തണുപ്പിലേയ്ക്ക്.

മുഖത്തേയ്ക്ക് അടക്കപ്പെടുന്ന ശവപ്പെട്ടിയുടെ ഉൾവശം സാറ്റിൻ അലുക്കുകൾ തുന്നിച്ചേർത്തു മനോഹരമാക്കിയതായിരിക്കും. പിന്നെ വിലപിടിപ്പുള്ള പെട്ടിക്കു മുകളിൽ മണ്ണ് ചിതറി വീഴും. സുനിതയും സുരേഷും പലതവണ ചുംബിച്ച നെറ്റിയും അവരെ ഉമ്മവെച്ചു മതിയാകാത്ത ചുണ്ടുകളും പുഴുതിന്നു പോകുമെന്നോർത്തപ്പോൾ ആലോചനക്കു വഴി തിരിക്കേണ്ടതാവശ്യമാണെന്ന് അമ്മുക്കുട്ടിയറിഞ്ഞു.

## അമ്മ വിരുന്നു വരുമ്പോൾ

"I speak Three languages,
Write in Two, Dream in One"
-Kamala Das

ന്യൂ യോർക്ക് സ്റേററിൽ 49 ഭാഷകൾ ഉപയോഗിക്കപ്പെടുന്നുണ്ടെന്നാണ് കണക്ക്. മലയാളം അതിലൊന്നാണോ എന്നറിയില്ല. എന്തായാലും കാൽ നൂററാണ്ടിലേറെക്കാലമായി ഇവിടെ ജീവിതവിജയത്തിന്റെ കൊടി നാട്ടിക്കൊണ്ടിരിക്കുന്നവരുടെ ഭാഷ കണക്കെടുപ്പുകാർക്കു വരെ പിടികൊടുക്കാതെ പടിയിറങ്ങാൻ ഒരു തലമുറയുടെ ദൂരമേയുള്ളൂ. ഒരു പക്ഷേ ഒരു പ്രവാസി സംഘടനയുടെ ഏററവും പ്രധാന ധർമ്മം തങ്ങളുടെ സംസ്കാരിക വ്യക്തിത്വത്തിന്റെ തുടർച്ചയാണ്. കേരള അസോസിയേഷൻ ഓഫ് സിറാക്യൂസ് ആ വഴിക്കൊരു ചുവടു വെയ്ക്കുന്നു, വൈകാതെ ആരംഭിക്കുന്ന മലയാളപഠന പരിപാടിയിലൂടെ. ഈ സംരംഭത്തിൽ എല്ലാവരുടെയും സ്നേഹപൂർണമായ സഹകരണം അഭ്യർത്ഥിക്കുന്നു.

- എഡിറ്റർ

ഒരാഴ്ചയായി സുനിതയും സുരേഷും വീടു കാലിയാക്കാൻ ശ്രമിക്കുകയാണ്. ഒച്ചവച്ച് ഓടി നടന്ന ബാല്യവും പരുഷമായ വാക്കുകൾ പരസ്പരമെറിഞ്ഞു കലഹിച്ച കൗമാരവും കടന്നവർ ഇരുത്തംവന്ന പുരുഷനും സ്ത്രീയുമായിരിക്കുന്നു.

വീടാകെ ചിതറിയ ഓർമ്മകളുടെ പേടകങ്ങൾക്കു മോക്ഷം കൊടുക്കുകയാണവർ. വർഷങ്ങളായി സ്വരൂപിച്ചു കൂട്ടിയതാണെല്ലാം. തുറന്നുവച്ച ബ്രൗൺ പെട്ടികളിലായി അവ തരം തിരിക്കപ്പെടുന്നു. എല്ലാം 'ജങ്ക്' എന്നൊരു ഭാവം കുട്ടികളുടെ മുഖത്ത് വായിക്കാം.

ബെയ്സ്മെൻറിൽ നിന്നും സുരേഷിൻെറ ശബ്ദം.
"സുൻ, ഇതെന്താണെന്നറിയാമൊ?"
"അതു കാറ- ഉണ്ണിയപ്പം ഉണ്ടാക്കുന്നത്."
ഒറ്റയായി പറയുമ്പോൾ സുനിതക്ക് ഇനിയും വഴങ്ങാത്ത 'ര'കാരം!
"നീയല്ലേ ഉണ്ണിയപ്പത്തിൻെറ ആള്. വേണൊ?"
"എനിക്കു വേണ്ട. എണ്ണ തുളുമ്പുന്ന ഡയിഞ്ചറസ് പണിയാണത്."
"എന്നാൽ സാൽവേഷൻ ആർമിയുടെ ബോക്സിൽ തട്ടട്ടേ?"

ഉയരുന്ന ചിരികൾ കേട്ടപ്പോൾ ബ്രോഡ്‌വേയിലെ ഷണ്മുഖത്തിൻെറ കടയിൽ നിന്നും അപ്പക്കാര വാങ്ങിയ സന്ധ്യയുടെ സൗന്ദര്യമോർത്ത് അമ്മുക്കുട്ടിയും ചിരിച്ചു.

കൊതിയോടെ ചിരിക്കുന്നതു ദാനച്ചൻ.

ദാനച്ചന് എപ്പോഴും ചിരിയായിരുന്നു. പരാതികളധികമില്ലാതെ കുട്ടികളായാൽ അങ്ങനെയൊക്കെ എന്നൊരു ചിരി. പുതിയ ചായം തേച്ചു മിനുക്കിയ ഭിത്തികളിലും തുടച്ചു വൃത്തിയാക്കിയ ഫ്രിഡ്ജിലും പുതിയതായി വാങ്ങിയ സോഫയിലുമൊക്കെ കുഞ്ഞിക്കൈപ്പാടുകൾ ചിത്രം വരച്ചു. തുടച്ചു മടുത്തു പരാതിപ്പെടുമ്പോൾ അതൊക്കെയൊരു ഭംഗ്യാ അമ്മൂന്നു പറഞ്ഞ് ദാനച്ചൻ ചിരിക്കും.

ചിരിച്ചു ചിരിച്ചങ്ങനെ ഒരു ദിവസം ജീവിതത്തിൽ നിന്നുമങ്ങൊഴികിപ്പോയില്ലെ! പിന്നെ അമ്മുക്കുട്ടി ചിരിക്കുന്നതെങ്ങനെയെന്നുതന്നെ മറന്നു.

സുരേഷും സുനിതയും വരുന്ന ദിവസങ്ങളിൽ ചിരിക്കാതെ തന്നെ ചോറൊരുക്കി, കറിയൊരുക്കി; അവർക്കിഷ്ടമുള്ള പലഹാരങ്ങളൊക്കെയൊരുക്കി അമ്മുക്കുട്ടി കുറെ വർഷങ്ങൾ ഉരുക്കിത്തീർത്തു.
അതിരു കടന്ന ഇഷ്ടമൊന്നും ഇല്ലാതിരുന്നിട്ടും അമ്മയെ നോവിക്കാതിരിക്കുവാനായി കൈകൊണ്ടു ചോറുരുട്ടിയുണ്ടവർ ഇഷ്ടം കാണിച്ചു. പിന്നെ സ്വയം തിരഞ്ഞെടുത്ത വീടെത്തിയപ്പോൾ ബ്രഷുകൊണ്ട് കൈ നഖങ്ങൾ ഉരച്ചു കഴുകി. സോപ്പിട്ടു കഴുകിയാലും പോകാത്ത മസാല മണമെന്ന് മൻസ്സിൽ പിറുപിറുത്തു.

പ്രായത്തേക്കാളേറെ പക്വത ദാനച്ചനുണ്ടായിരുന്നു. കുടിയേറ്റത്തിൻെറ ആദ്യകാലത്തു വന്നുപെട്ട മലയാളികൾ ഗ്രുഹാതുരത്വത്തിൻെറ അരം കുറക്കാനായി പതിവായി ഒന്നിച്ചുകൂടി. പൊള്ളയായ നേട്ടത്തിൻെറ ഏറ്റക്കുറച്ചിലുകൾ ആദ്യമൊന്നും ഇല്ലായിരുന്നു. പിന്നെ എപ്പോഴോ എല്ലാം മത്സരത്തിലെത്തിയെന്ന തോന്നൽ എല്ലാവർക്കുമായി. സംഭാഷണങ്ങൾ ആഴമില്ലാത്ത കുശലങ്ങളും സന്ദർശനങ്ങൾ ക്ഷണിക്കപ്പെടുമ്പോഴും മാത്രമായി. ദാനച്ചൻെറ ചിരിമാത്രം മങ്ങാതെ കത്തി.

സരസുവും അമ്മാളും തെയ്യാമ്മയും വലിയ പുതിയ വീടുകൾ വാങ്ങിയപ്പോഴും അമ്മുക്കുട്ടിയുടെ ആശനിറഞ്ഞ കണ്ണുകൾ നോക്കി ദാനിയേൽ പറഞ്ഞു.

"ഒക്കെ കാഴ്ചക്കല്ലാതെ എന്നോത്തിനാ? പത്തുകൊല്ലം കഴിഞ്ഞാ ഇവരു കൂടൊഴിഞ്ഞു പോകത്തില്ലെ. പിന്നെ വലിയ വീടൊരു ഭാരമാ. നമ്മക്കിതു തന്നെ അധികമല്ല്യോ."

പത്തുകൊല്ലം തികയുന്നതിനു മുൻപുതന്നെ യൂണിവേഴ്സിറ്റിയും പഠനകാലത്തെ തൊഴിൽ പരിശീലനവുമായി വീടു നിശബ്ദമാക്കി കുട്ടികൾ പോയി. പിന്നെയൊരു ദിവസം മുന്നറിയിപ്പൊന്നുമില്ലാതെ ദാനിയേൽ കുരുവിളയും.

കുറച്ചു നാളായി അമ്മുക്കുട്ടിയുടെ ലോകം കിടപ്പുമുറിയും ജനാലയുടെ ചതുരം നീട്ടിത്തരുന്ന കുറച്ചാകാശവും മരത്തലപ്പുകളുമായി ചുരുങ്ങിയിട്ട്. ജനലിനു പുറത്തെ ഇത്തിരിപ്പച്ചയിൽ പലതരം കിളികൾ കഥ പറഞ്ഞിരുന്നു. കഥകൾ കേട്ടു കേട്ട് കിളികളെ കണ്ടു കണ്ട് അമ്മുക്കുട്ടി ദിവസങ്ങളുടെ നീളം കുറക്കാൻ വെറുതെ ശ്രമിക്കുന്നു. ശുചിയാക്കി സൂക്ഷിച്ച വീട് അമ്മുക്കുട്ടിക്കു കണ്മുന്നിൽ പൊടിമൂടി വലിയൊരു ഭൂതത്തെപ്പോലെ വാ പിളർത്തി.

ഇപ്പോൾ സമയം ആവശ്യത്തിലേറെ. ഓസ്റ്റിയൊപെറോസിസ് കരളുന്ന കാലുകൾക്ക് ശരീരം താങ്ങാനാവാതെ വന്നിരിക്കുന്നു. അളവില്ലാതെ കൊടുത്ത സ്നേഹത്തിനു പകരമാവാം മക്കൾ ഊഴമെടുത്ത് അമ്മക്കു രാത്രികാവലിനായി വരുന്നുണ്ട്.

വേദനിക്കുമ്പോൾ കനിവിനു വേണ്ടി മടിയിൽ വീണു കരഞ്ഞ കുട്ടികളാണ് അമ്മയുടെ വേദനക്കു മരുന്നുമായി കൂട്ടിരിക്കുന്നത്. വീഴാതെ പിടിച്ചു പിച്ച നടത്തിയ കൈകളാണിന്ന് അമ്മയുടെ വഴുതിപ്പോകുന്ന ചുവടുകൾക്കു സുരക്ഷിതത്വം നൽകുന്നത്.

ഒടുവിൽ എവർഗ്രീനിൻെറ കാര്യം മക്കളോടു പറഞ്ഞത് അമ്മുക്കുട്ടിതന്നെയാണ്. അവരുടെ തിരക്കു പിടിച്ച ജീവിതത്തിൽ ഇങ്ങനെയൊരു ബാദ്ധ്യതകൂടി വേണ്ടല്ലൊ.

നീലപ്പൂക്കളുള്ള പഴയ കോണിങ് വെയർ സാൽവേഷൻ ആർമിക്കെന്ന് സുനിത മാറ്റി വയ്ക്കുന്നു. സൂസൻെറ കല്യാണത്തിനു പോകുമ്പോൾ സൈറക്കൂസിലെ ഫാക്ടറിയിൽ നിന്നും വാങ്ങിയതാണത്. അതു തിരഞ്ഞു സമയം പോയിട്ട് ഒരു ദിവസം വഴിയിൽ തങ്ങേണ്ടി വന്നു. പാത്രത്തേക്കാളേറെ വില മോട്ടലിലെ ഒരു രാത്രിക്കു കൊടുത്തെന്ന് ദാനച്ചൻെറ പരിഹാസം. അതിൻെറ മുനയും മോട്ടലിൻെറ മുന്നിലെ നീന്തൽക്കുളത്തിലിറങ്ങണമെന്നു പറഞ്ഞ് കല്യാണത്തിനിടക്കും സുനിത വാശിപിടിച്ചു കരഞ്ഞതും ഒരോ തവണ പാത്രമെടുക്കുമ്പോഴും പുറത്തേക്കൊഴുകുന്ന സുഖദമായ ഓർമ്മകളാണ്.

ഓർമ്മകളെയെല്ലാം പെട്ടിയിലടച്ചൊഴിവാക്കിയിട്ട് ശരീരത്തിനെ മാത്രമായി ഈ വീട്ടിൽനിന്നും ഇറക്കിക്കൊണ്ടു പോകുന്നതെങ്ങനെയെന്ന് അമ്മുക്കുട്ടി ചുഴിഞ്ഞാലോചിച്ചു.

ഏറ്റവും സ്നേഹം മമ്മയോടെന്ന് സുരേഷ് കൊഞ്ചിപ്പറഞ്ഞത് കോണിയുടെ ആദ്യത്തെ പടിയിലിരുന്ന്. വളർന്നപ്പോൾ സ്നേഹത്തിൻെറ നിർവ്വചനവും മുഖങ്ങളും മാറുന്നത് അമ്മയും മകനുമറിഞ്ഞു.

ക്രിസ്തുമസ് ട്രീക്കുചുറ്റുമായി സുനിത നൃത്തംവച്ചു നടന്നത് ഫയർപ്ലേസിനടുത്തുള്ള മൂലയിൽ.
കതിരുപോലെൻെറ പെണ്ണെന്ന് ദാനച്ചൻെറ പുന്നാരം കോറിഡോറിൻെറ കോണിൽ.
അതെന്തുപമയെന്ന് അമ്മുക്കുട്ടി ചിറികോട്ടുമ്പോൾ ദാനിയേലിലെ കുട്ടനാട്ടുകാരന് ഒരായിരം നാവ്.
"കണ്ടത്തിൻെറ സൗന്ദര്യം മുഴുവൻ കതിരിലാന്നു പെണ്ണേ!"

പലതവണ ഉറപ്പിച്ചിട്ടും ഉറക്കാതെ വഴുതിപ്പോകുന്ന മനസ്സ്.

അടുക്കിയൊതുക്കലുകൾ കഴിഞ്ഞ് അരികിലിരിക്കുന്ന കുട്ടികളുടെ സംസാരം തമ്മിൽത്തമ്മിലാകുന്നു.

"നിൻെറ പി. സി. ഷോപ്പിംഗ് എവിടം വരെയായി?"
"പവർഫുൾ പ്രോസസർ നോക്കി നടക്കുകയാണ് ഞങ്ങളിപ്പോൾ."
പരിപ്പുവട തിന്നിട്ട് ഒരുപാടു നാളായല്ലൊ എന്ന് അമ്മുക്കുട്ടിയോർത്തു.
"കിട്ടിയാലും കടിക്കാൻ വയ്യല്ലൊ!"
"പ്രോസസറാണോ മമ്മീ?"

കുട്ടികൾ പൊട്ടിച്ചിരിക്കുമ്പോൾ കൂടെ ചിരിച്ചു അമ്മുക്കുട്ടി. വിചാരങ്ങളുടേയും സംസാരത്തിൻേറയും അടുക്കുകൾ തെറ്റുന്നത് ആദ്യമായിട്ടല്ല. പലപ്പോഴും തെറ്റിക്കഴിയുമ്പോൾ തെറ്റായിരുന്നുവെന്ന് തിരിച്ചറിയും.

നാളെ– നാളെ ഓർമ്മകളെ മുഴുവൻ ഇവിടെയാക്കി രഹസ്യഭാവത്തോടെ ദൂരെ മാറിനിൽക്കുന്ന മലകളും സ്നേഹം ഭാവിച്ചു തലയാട്ടുന്ന മരങ്ങളും കടന്ന് അമ്മുക്കുട്ടിക്കെങ്ങനെ നിത്യഹരിതത്തിൻെറ താഴ്‌വാരത്തേക്കു പോകാൻ കഴിയും? അമ്മുക്കുട്ടിയുടെ ആത്മാവ് നിത്യഹരിതയായി ഈ വീടാകെ പടർന്നു കിടക്കുകയല്ലെ!

ഓസ്റ്റിയൊപെറോസിസ് കൈയുടെ കർമ്മവും അപഹരിച്ചാൽ അടുക്കു തെറ്റുന്ന മനസ്സുമായി അപഹാസ്യപ്പെടുമെല്ലോ എന്ന് അമ്മുക്കുട്ടിയുടെ മനസ്സ് വേദനയോടെ വേവലാതിപ്പെട്ടു. അതിനുത്തരമായിട്ടാവും ഡോക്ടറോടു ചോദിച്ചുവാങ്ങിയ ഉറക്കഗുളികകൾ അന്നു രാത്രി തന്നെ ഒന്നിച്ചു തീർത്തുകളയാമെന്ന് അവർ തീരുമാനിച്ചത്.

<u>ഇനി നാളെ, നാളെ അമ്മുക്കുട്ടി യാത്രയാകുന്ന ശുഭദിവസം.</u>

## Congratulations



Sonal & Tom Pulickal has a baby girl: Tia -born in May 2003.

## By His side in His garden

Mr. Mathew Zachariah's mother passed away in India a few months ago, Kerala Association conveys deep sympathy for the family

## Community News

Manju has joined her husband Mr. Ashish Andrews recently. They had got married last year in India. Mr. Andrews has been serving US Army for the last 4 years.

Shri Hari Chathrattil has left for Hanoi with his wife and child. Kerala Association wishes them a pleasant stay.

Tia Veronica Pulikal, daughter of Sonal and Tom Pulikal got baptized at the Church of St Therese, Syracuse.

## Malayalam Lessons!

Kerala Association is planning to introduce Malayalam language to those interested (both children and adults are welcome).

This is going to be a 6 wks program / 1 day per wk using advanced teaching tools. Mrs. Tara Alex, a former College Lecturer and a panel of teachers and language experts are in charge of this project.

Registration Fee $10.00/Family

Don't let go of this fabulous opportunity! Contact us to register immediately. Seats are limited.

Contact:
joekappil@nrinews.org
315-622-1039

## Events

Picnic: 7/12/03 10.00 am **Veterans Memorial Park at Gillie Lake**
(West of Syracuse approx. 12 miles from Syracuse down town)
Welcome to one of the very enjoyable get-away locations in Central NY: Gillie Lake and outdoor Park facilities. Free parking; cookout area, pavilion and game facilities for children and adults.

Our usual sports and games will be conducted for children & others. Winners will be given prizes. 'Onam vadamvalee' promises to be an exciting event, returning champion Syracuse West is trying hard to hold on the rolling trophy this year!

Directions: from Syracuse:
690 West to 695 South. Follow sign towards Rt.5 West to Auburn (approx. 9.5 mile). Enter Rt.5 west, take right at next traffic light :Ike Dixon Rd, follow 2 miles, end of the road is at the lake/park front corner turn right to 100 ft, 2nd entrance is to the parking area.

***Malayalam Channels***

**Kairali** - 281 494 4494
www.kairali-tv.com

**Asianet** - 888 898 0020
www.asianetglobal.com
/usa-contact.htm

Please send your valuable suggestions and contributions to

Prasad Puzhankara,
23 Town Garden Dr, 8
Liverpool, NY
13088

315 451 8826
ppuzhank@twcny.rr.com

Those who want to know more about Onondaga County Govt. social service programs, Temporary assistance, Medicaid etc, Contact: BeenaKappil@ongov.net

Printed and Published by Kerala Association of Syracuse, NY